LIBRARY ARCHIVES Kerala Legislative Assembly

പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം

220 (2092) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം നടക്കുന്നുവെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രിമിനലുകളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ : ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്ക് വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ ;

(സി) കേരളത്തിലെ പോലീസ് സേനയ്ക്ക് സമയബന്ധിതമായും നിശ്ചിത ഇടവേളകളിലും സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് ഓരോ വർഷവും പ്രസ്തുത പരിശീലനത്തിനായി കലണ്ടർ പ്രസിദ്ധീകരിക്കുമോ ; ഇതിനായി വ്യക്തമായ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുമോ ; വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) പോലീസിൽ ക്രിമിനൽവൽക്കരണം നടക്കുന്നില്ല.

(ബി) ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിലെ പോലീസ് സേനയ്ക്ക് നിശ്ചിത ഇടവേളകളിൽ ശാസ്ത്രീയ കുറ്റാന്വേഷണം ഉൾപ്പെടെ ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്.

നിർഭയയുടെ പ്രവർത്തനം

221 (2093) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളെയും കുട്ടികളെയും പാർപ്പിക്കുന്ന സ്ഥാപനമായ നിർഭയയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നിർഭയയിൽനിന്നും നാളിതുവരെ കാണാതായവർ എത്ര ; പോലീസ് എത്ര പേരെ കണ്ടെത്തി ; ഇനി എത്ര പേരെ കണ്ടെത്തുവാനുണ്ട് ; എന്തുകൊണ്ടാണ് ഇവരെ കാണാതാകുന്നത് ; ഇത്തരം കാണാതാകൽ ഇല്ലാതാക്കാൻ ആഭ്യന്തര വകുപ്പ് ശക്തമായ എന്തു നടപടികൾ സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിർഭയയുടെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവരിൽ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തി നടപടിക്ക് വിധേയരായവർ ആരെല്ലാം ; ഇല്ല എങ്കിൽ പോലീസിന്റെ മേൽനോട്ടം നിർഭയ കേന്ദ്രങ്ങളിൽ നടത്താൻ ആഭ്യന്തര വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(ഡി) നിർഭയയിൽ വെളിയിലുള്ളവരുടെ ഇടപെടലുകൾ നിലവിലുണ്ടോ ; എങ്കിൽ ഇത് കുറ്റമറ്റരീതിയിൽ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും ആഭ്യന്തര വകുപ്പ് പോലീസിന് നിർദ്ദേശം നൽകുമോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഇ) നിർഭയയിൽ 24 മണിക്കൂറും വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാനും നിർഭയയിലെ അന്തേവാസികളുടെ തിരോധാനം ഒഴിവാക്കാനും എന്തു നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കും എന്ന് വ്യക്തമാകുമോ ;

(എഫ്) നിർഭയയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഏതെല്ലാം ജനപ്രതിനിധികൾ പരാതികൾ ആഭ്യന്തര വകുപ്പിന് നൽകി ; എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല. പ്രസ്തുത സ്ഥാപനം സാമൂഹ്യസുരക്ഷാ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം നിർഭയയിൽ നിന്നും നാളിതുവരെ 5 പെൺകുട്ടികളെ കാണാതായിട്ടുണ്ട്. ഇവരിൽ 4 പേരെ പോലീസ് കണ്ടെത്തി. ഒരാളെ ഇനിയും കണ്ടെത്തുവാനുണ്ട്. കാണാതാകുന്നത് സംബന്ധിച്ച് വിവരം ലഭിച്ചാലുടൻ തന്നെ ഇവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(സി&ഡി) നിർഭയയുടെ പ്രവർത്തനത്തിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. കുറ്റമറ്റ രീതിയിൽ ആഭ്യന്തര വകുപ്പ് നിരീക്ഷിക്കുന്നുണ്ട്.

(ഇ) പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly